LIBRARY ARCHIVES Kerala Legislative Assembly

അരുവിക്കരയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള നടപടി

73 [751] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ സുപ്രധാന വിനോദ സഞ്ചാര കേന്ദ്രമായ അരുവിക്കരയുടെ സമഗ്ര വികസനത്തിനുവേണ്ടി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(ബി) കെൽട്രോൺ ജംഗ്ഷൻ മുതൽ അരുവിക്കര വരെയുള്ള റോഡ് ടൂറിസം വികസനത്തിൽ ഉൾപ്പെടുത്തി നവീകരിക്കണമെന്ന ആവശ്യത്തിൻമേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അരുവിക്കരയുടെ ടൂറിസം വികസനത്തിന്റെ ഭാഗമായി നിലവിലുള്ള പൂന്തോട്ടം (ശിവാ ഗാർഡൻ) നവീകരിക്കുന്നതിനായി 18,27,000 രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് വികസിപ്പിക്കുന്നതിനുള്ള ഒരു ആവശ്യം വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

കെ.ടി.ഡി.സി. വക മോട്ടൽ ആരാമിനോടനുബന്ധിച്ച് ടൂറിസം വികസന പദ്ധതി

74 [752] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യത്തിന് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളത്തുള്ള കെ.ടി.ഡി.സി. വക മോട്ടൽ ആരാമിനോടനുബന്ധിച്ച് ടൂറിസം വികസന പദ്ധതി തയ്യാറാക്കിയിരുന്നുവോ ; എങ്കിൽ അതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കായംകുളത്ത്, കെ.ടി.ഡി.സി. നടത്തിവരുന്ന മോട്ടൽ ആരാമിന്റെ സമീപത്തുള്ള 1.58.07 ഹെക്ടർ ഭൂമി (സർവ്വേ നമ്പർ 203/20) ടൂറിസം വകുപ്പിന്റെ വികസന പ്രവർത്തനത്തിനായി വിട്ടുതരാൻ ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥലം കിട്ടുന്ന മുറയ്ക്ക് ഇവിടെ ഒരു ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകുന്നതാണ്.

ശബരിമല വികസനത്തിനായി ദേവസ്വം ബോർഡ് ഇക്കോ സ്മാർട്ടുമായി ചേർന്നുണ്ടാക്കിയ കരാർ

75 [753] ശ്രീ. ജോണി നെല്ലൂർ :

,, ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിനെതിരെയും അംഗങ്ങൾക്കെതിരെയും മന്ത്രിക്കെതിരെയും എന്തെങ്കിലും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;